<u>APPLICATION UNDER RIGHT TO INFORMATION ACT-2005 APPEAL-1</u>

Subhash.S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

The Appellate Authority
ACP Shanghumukham
Trivandrum

21 May 2012

Sir,

എന്റെ എളിയ അപേക്ഷ സ്വീകരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

RTI Act-2005 പ്രകാരം 15.4.2012 ന് ഞാൻ The Public Information Officer, Thumba Police Station, Trivandrum ന് സമർപ്പിച്ചിരുന്ന അപേക്ഷയ്ക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ, 19.5.2012 ന് The Appellate Authority, ACP Shanghumukham, Trivandrum ന് RTI Act-2005 Appeal-1 അപേക്ഷ സമർപ്പിക്കുകയുണ്ടായി. അതിനുശേഷം 20.5.2012 (Sunday), 9.30am ന് Thumba Police Station ലെ രണ്ട് പൊലീസ് ഉദ്യോഗസ്ഥർ എന്റെ വീട്ടിൽ നേരിട്ട് വന്ന് No. 09/RTI act/2012 TPS എന്ന <u>തീയതി വയ്ക്കാത്ത</u> RTI മറുപടി കൈമാറി രജിസ്റ്ററിൽ ഒപ്പ് വാങ്ങുകയും ചെയ്തു.

പക്ഷേ, ലഭിച്ച വിവരങ്ങൾ തൃപ്തികരമല്ല. ആറ്റിപ്ര വില്ലേജ് ഓഫീസ്, ആറ്റിപ്ര സോണൽ ഓഫീസ്, തിരു. കോർപ്പറേഷൻ, KSEB കുളത്തൂർ എന്നിവിടങ്ങളിലൊന്നും അംഗീകരിക്കാത്തതും, <u>നിയമാനുസൃതമല്ലാത്തതുമായ</u> ഒരു രേഖയെ അംഗീകരിച്ച് അതിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒരു മറുപടിയാണ് നൽകിയിരിക്കുന്നത്. പൊലീസ് മാത്രം അംഗീകരിക്കുന്ന ടി രേഖ ശരിയായ ഒന്നായിരുന്നെങ്കിൽ Ownership Certificate, Land/Building Tax Receipt, Registration Number എന്നിവ ഇവരുടെ പക്കൽ ഉണ്ടായിരിക്കേണ്ട താണ്. ഇതൊന്നും ഇല്ലാത്ത സ്ഥിതിക്ക് സർക്കാരിനല്ലാതെ ആർക്കും തന്നെ ഈ കെട്ടിടത്തിന്മേൽ അവകാശം ഇല്ല എന്ന സത്യം പൊലീസും അംഗീകരിക്കേണ്ടതും അതുപ്രകാരം സത്യസന്ധമായ വിവരങ്ങൾ മാത്രം RTI Act-2005 Appeal-1 പ്രകാരം നൽകേണ്ടതുമാകുന്നു.

അനാവശ്യമായി 17.11.2011ന് അനുവാദമില്ലാതെ Loudspeaker പ്രവർത്തിപ്പിച്ചതിന് ശ്രീമതി. ശാലിനിക്കെതിരെ കേസ് എടുത്തതിന്റെ പ്രതികാരമായി സ്വയം പൂട്ടിയിട്ട് വിളക്ക് വയ്ക്കാതിരിക്കുകയും, 9.12.2011 ന് Hon. CP Tvm ന് ഞാൻ പരാതി സമർപ്പിച്ചപ്പോൾ സ്വയരക്ഷാർത്ഥം 23.1.2012 ന് സ്വമേധയാ താക്കോലുകൾ Police Station ൽ ഏൽപ്പിക്കാമെന്ന് സമ്മതിക്കുകയുമാണുണ്ടായത്. <u>അങ്ങനെ മാസങ്ങളോളം പൂട്ടിക്കിടന്നപ്പോൾപോലും ആത്മാർത്ഥമായി ആരാധന നടത്തുന്നവർക്ക് ഗുരുദേവൻ പ്രതിമ ദർശിക്കുന്നതിനോ തൊഴുത് മടങ്ങുന്നതിനോ യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല, എന്നുമാത്രമല്ല സ്ഥലത്ത് പൂർണ്ണമായ ശാന്തിയും സമാധാനവും നിലനിൽക്കുകയും ചെയ്തിരുന്നു.</u> ആരാധനയുടെ പേരും പറഞ്ഞ് Money Extortion, Public Nuisance with Loudspeakers എന്നീ സാമൂഹ്യദ്രോഹ പ്രവർത്തനം നടത്തിയിരുന്നവരുടെ Business ന് മാത്രമാണ് മങ്ങലേറ്റത്. ഈ വിധം Business താല്പര്യത്തോടെ ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് കോരാളംകുഴി ലക്ഷംവീട് കോളനിയിലെ ഒരു ന്യൂനപക്ഷവും സിൽബന്ധികളും മാത്രമാണ്, <u>സമാധാനകാംഷികളായ ഈ നാട്ടിലെ Silent Majority ഇവരുടെ യാതൊരു പരിപാടികളിലും പങ്കെടുക്കാറില്ല.</u>

ശ്രീമതി. ശാലിനി പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ച താക്കോലുകൾ, നിയമാനുസൃതമായ Ownership Certificate, Land/Building Tax Receipt, Registration Number

എന്നിവയൊന്നും കൈവശം ഇല്ലാത്ത അർഹതയില്ലത്തവർക്ക് കൈമാറിയത് നിരുത്തരവാദിത്വമോ, അനീതിയോ, അഴിമതിയോ മൂലമാണെന്ന സംശയത്തിനിടനൽകുന്നതാകുന്നു.

Regional passport Office കെട്ടിട സമുച്ചയ നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഈ സർക്കാർ ഭൂമിയിൽ കൈയ്യേറ്റം നടത്തി നിർമ്മിച്ച ഈ Illegal structure ലെ പ്രവർത്തനം സർക്കാർ വിരുദ്ധവും ഭാവി വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കാൻ സാധ്യതയുള്ളതുമാകുന്നു, ആ സ്ഥിതിക്ക് ഇവരുടെ Anti-Government and Anti-Social activities ന് ഒത്താശയും സഹായവും നൽകുന്ന നടപടികൾ പൊലീസിന്റെ ഭാഗത്തുനിന്നും ഒരുകാരണവശാലും ഉണ്ടാകാൻ പാടുള്ളതല്ല.

13.4.2012 ന് ഉച്ചയ്ക്ക് CI, MC യോട് ഫോണിൽ സംസാരിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് *'ഉത്സവം പ്രമാണിച്ച് കുറച്ച് പൈയ്യന്മാർ വന്ന് താക്കോൽ ആവശ്യപ്പെട്ടു, ഒരു ദിവസത്തേക്ക് (14.4.2012) താക്കോൽ നൽകിയശേഷം പിറ്റേദിവസം തന്നെ സ്റ്റേഷനിൽ തിരികെ ഏൽപ്പിക്കുന്നതാണ്'* എന്നാണ്, പക്ഷേ നാളിതുവരെ അത് പാലിച്ചിട്ടില്ല.

മേൽ വിവരിച്ച കാര്യങ്ങൾ കണക്കിലെടുത്ത് RTI Act-2005 Appeal-1 പ്രകാരം താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് നിയമാനുസൃതവും നിഷ്പക്ഷവും സത്യസന്ധവുമായ വിവരങ്ങൾ ലഭ്യമാക്കാൻ വേൺട നടപടികൾ സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

1. സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം പരിഹരിക്കുകയോ, ടി കെട്ടിടത്തിന്മേൽ അവകാശം ലഭിച്ചതായി ആരെങ്കിലും നിയമാനുസൃതമായ രേഖകൾ സഹിതം അവകാശവാദം ഉന്നയിക്കുകയോ ചെയ്തിട്ടുൺടോ?
2. ചോദ്യം നമ്പർ 1 ന്റെ ഉത്തരം 'ഇല്ല' എന്നാണെങ്കിൽ പോലീസ് സ്റ്റേഷനിൽ ഭദ്രമായി സൂക്ഷിച്ചുവരുന്ന താക്കോലുകൾ അർഹതയില്ലാത്തവരുടെ കൈയിൽ എത്തിചേരാതെ സൂക്ഷിക്കുക എന്ന ഉത്തരവാദിത്വം പാലിക്കാൻ പോലീസ് ബാധ്യസ്ഥരാണോ?
3. ശ്രീമതി. ശാലിനി കാണിക്കപ്പെട്ടിയുടെ താക്കോൽ പോലീസിനെ കബളിപ്പിച്ച് കൈവശം വച്ചിട്ടുൺടോ? ഉൺടെങ്കിൽ അത് അടിയന്തിരമായി സ്റ്റേഷനിൽ ഏൽപ്പിക്കാൻ വേൺട നടപടി സ്വീകരിക്കാനാകുമോ?
4. സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിലെ രൺട് താക്കോലുകളും ശ്രീമതി. ശാലിനി തുമ്പ പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കുകയും ആയത് സ്റ്റേഷനിൽ ഭദ്രമായി സൂക്ഷിച്ചുവരികയും ചെയ്യുന്ന സ്ഥിതിയിൽ 12.4.2012 ഉച്ചയ്ക്ക് 1:30ന് കാണിക്കപ്പെട്ടി തുറന്ന് പണം എടുത്തതും, 14.4.2012 രാത്രി 10 മണിയ്ക്ക് ടി. കെട്ടിടം തുറന്നിരിക്കുന്നതായി കാണപ്പെട്ടതുമായ നിയമവിരുദ്ധ പ്രവർത്തനങ്ങൾ പോലീസിന്റെ അറിവോടും സമ്മതത്തോടും കൂടെയാണോ നടന്നിട്ടുള്ളത്?
5. ചോദ്യം നമ്പർ 4 ന്റെ ഉത്തരം 'അല്ല' എന്നാണെങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ?
6. ചോദ്യം നമ്പർ 4 ന്റെ ഉത്തരം 'ആണ്' എന്നാണെങ്കിൽ അത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ തെളിവ് സഹിതം നൽകുക.

Yours truly,

(Subhash.S)